(ഡി) അർബൻ 2020 പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി ജെ.എൻ.എൻ.യു.ആർ.എം. പദ്ധതി ഫണ്ടിൽനിന്നും 5 കോടി രൂപ ചെലവഴിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത തുകയിൽനിന്നും നഗരസഭകൾക്കും ഡെവലപ്മെന്റ് അതോറിറ്റികൾക്കും പബ്ലിക് പ്രൈവറ്റ് പാർട്ട്ണർഷിപ്പ് (പി.പി.പി.) പ്രോജക്ടുകൾ തയ്യാറാക്കി നൽകുന്നതിനായി രൂപീകരിച്ചിട്ടുള്ള പാർട്ട്ണർ കേരള മിഷന്റെ ട്രാൻസാക്ഷൻ അഡ്വൈസറായ കിറ്റ്കോയ്ക്ക് നൽകുന്നതിന് 2 കോടി രൂപ പാർട്ട്ണർ കേരള മിഷൻ ഡയറക്ടർക്ക് കൈമാറി നൽകിയിട്ടുണ്ട്.

**മികച്ച നഗരസഭകൾക്കുള്ള അവാർഡുകൾ**

**103 (1471)** <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) മികച്ച നഗരസഭകൾക്കുള്ള 2013-14-ലെ അവാർഡുകൾ പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) അവാർഡ് പ്രഖ്യാപനം വൈകുന്നതിന്റെ കാരണം വിശദമാക്കാമോ ;

(സി) 2013-14-ലേയും 2014-15-ലേയും അവാർഡ് പ്രഖ്യാപനം ഉടനുണ്ടാകുന്നതിന് നടപടി സ്വീകരിക്കാമോ ;

(ഡി) മികച്ച നഗരസഭകൾക്ക് അവാർഡ് നൽകാൻ സ്വീകരിച്ചിരുന്ന മാനദണ്ഡം പരിഷ്കരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ) പ്രഖ്യാപിച്ചിട്ടില്ല.

(ബി) മികച്ച നഗരസഭകളായി പ്രഖ്യാപിക്കപ്പെടുന്നതിന് നഗരസഭകൾ സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൻമേൽ സൂക്ഷ്മ പരിശോധന കഴിഞ്ഞിട്ടില്ലാത്തതിനാലാണ് അവാർഡ് പ്രഖ്യാപനം വൈകുന്നത്.

(സി) നടപടി സ്വീകരിക്കുന്നതാണ്.

(ഡി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly